# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 ജനുവരി 7

# വാർത്താക്കുറിപ്പ് - 1

## സെനറ്റ് തെരഞ്ഞെടുപ്പ്; പ്രാഥമിക വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാല സെനറ്റിലെ നിയമസഭ സാമാജികർ, പഞ്ചായത്ത് പ്രസിഡന്റ്/മുനിസിപ്പൽ ചെയർമാൻ/കോർപ്പറേഷൻ മേയർ, ഗവൺമെന്റ് കോളേജ് അധ്യാപകർ, പ്രൈവറ്റ് കോളേജ് അധ്യാപകർ, കോളേജ് പ്രിൻസിപ്പൽമാർ എന്നീ മണ്ഡലങ്ങളിൽ നിലനിൽക്കുന്ന ഒഴിവ് നികത്തുന്നതിനുള്ള തെരഞ്ഞെടുപ്പിന്റെ ഭാഗമായി പ്രാഥമിക വോട്ടർ പട്ടികകൾ പ്രസിദ്ധീകരിച്ചു. പട്ടിക www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും. പരാതികൾ ജനുവരി 21നകം തെരഞ്ഞെടുപ്പ് വരണാധികാരിക്ക് നൽകണം.

(പി.ആർ.ഒ/39/40/2020)

## ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം; അപേക്ഷ ജനുവരി 10 വരെ

മഹാത്മാ ഗാന്ധി സർവകലാശാല കോളേജ് ഡെവലപ്മെന്റ് കൗൺസിൽ, ഗവൺമെന്റ് - എയ്ഡഡ്, സർവകലാശാല അധ്യാപകർക്കായി നടത്തുന്ന ഒരാഴ്ചത്തെ ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാമിന് ഏതാനും സീറ്റൊഴിവുണ്ട്. അപേക്ഷ ജനുവരി 10ന് വൈകീട്ട് അഞ്ചിനകം ലഭിക്കണം. ജനുവരി 20 മുതൽ 25 വരെയാണ് പരിപാടി നടക്കുക. വിശദവിവരം www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഫോൺ: 0481-2731013.

(പി.ആർ.ഒ/39/41/2020)

## ബ്രെയിലി ദേശീയതല ശില്പശാല
## ജനുവരി ഒൻപതിന് എം.ജി.യിൽ

കാഴ്ച സംബന്ധമായ പരിമിതിയുള്ളവർക്കായി രൂപപ്പെടുത്തിയ ബ്രെയിലി ലിപിയുമായി ബന്ധപ്പെട്ട ദേശീയതല ശില്പശാല ജനുവരി ഒൻപതിന് മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടക്കും. മഹാത്മാ ഗാന്ധി സർവകലാശാല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിംഗ് ഡിസെബിലിറ്റീസ്, സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ്, ഡൽഹിയിലെ റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ എന്നിവ സംയുക്തമായാണ് ശില്പശാല സംഘടിപ്പിക്കുന്നത്.

രാവിലെ 10ന് സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് ഓഡിറ്റോറിയത്തിൽ പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ ഉദ്ഘാടനം നിർവഹിക്കും. സിൻഡിക്കേറ്റംഗം പ്രൊഫ. ബിസ്മി ഗോപാലകൃഷ്ണൻ, പ്രൊഫ. എസ്. രാജു, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വിഷ്വലി ഹാന്റിക്യാപ്ഡിലെ ഡോ. ശ്രീനിവാസൻ, സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് ഡയറക്ടർ പ്രൊഫ. രാജീവ് കുമാർ എന്നിവർ പങ്കെടുക്കും. ഡോ. കെ.എം. മുസ്തഫ, ഡോ. എം.എസ്. ഗായത്രി എന്നിവർ രചിച്ച പുസ്തകങ്ങളുടെ പ്രകാശനവും നടക്കും.

(പി.ആർ.ഒ/39/42/2020)

## പുനർമൂല്യനിർണയം: അപേക്ഷ തീയതി നീട്ടി

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. എം.എസ് സി. ഫുഡ് ടെക്നോളജി ആൻഡ് ക്വാളിറ്റി അഷ്വറൻസ്, ഫിസിക്സ് (മെറ്റീരിയൽ സയൻസ്), സൈക്കോളജി, ഹോംസയൻസ് ബ്രാഞ്ച് 10എ, ഹോം സയൻസ് ബ്രാഞ്ച് 10 ഡി, ഫുഡ് സയൻസ് ആൻഡ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി, മാത്തമാറ്റിക്സ്, സ്റ്റാറ്റിസ്റ്റിക്സ്, അപ്ലൈഡ് മൈക്രോബയോളജി, എം.എ. പൊളിറ്റിക്കൽ സയൻസ്, തമിഴ്, എം.ടി.ടി.എം., എം.എച്ച്.എം. എന്നീ പ്രോഗ്രാമുകളുടെ പുനർമൂല്യനിർണയത്തിനുള്ള അപേക്ഷ ജനുവരി 10 വരെ നൽകാം.

(പി.ആർ.ഒ/39/43/2020)

**എ. അരുൺ കുമാർ**

# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 ജനുവരി 7

# വാർത്താക്കുറിപ്പ് - 2

## ദേശീയ അന്തർ സർവകലാശാല അത്‌ലറ്റിക് മീറ്റ്; എം.ജി. കായിക ടീമിന് ഊഷ്മള വരവേൽപ്പ്

ദേശീയ അന്തർസർവകലാശാല അത്‌ലറ്റിക് മീറ്റിൽ മൂന്നാം സ്ഥാനവും വനിത വിഭാഗത്തിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കിയ മഹാത്മാ ഗാന്ധി സർവകലാശാല കായികടീമിന് കോട്ടയത്ത് ഊഷ്മള വരവേൽപ്പ്.

കോട്ടയം റെയിൽവേ സ്റ്റേഷനിൽ കായികതാരങ്ങളെയും ടീം മാനേജർമാരെയും വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ എന്നിവർ ചേർന്ന് മധുരവും പൂച്ചെണ്ടും നൽകി സ്വീകരിച്ചു. ടീം മാനേജർമാരായ പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. ശോശാമ്മ ജോൺ, ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. ജിമ്മി ജോസഫ്, ടീം വനിത ക്യാപ്റ്റനായ അസംപ്ഷൻ കോളേജിലെ അഞ്ജലി ജോസ്, പുരുഷവിഭാഗം ക്യാപ്റ്റനായ കോതമംഗലം എം.എ. കോളേജിലെ അമൽ ജോസ്, സ്കൂൾ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്പോർട്സ് സയൻസസ് മേധാവി ഡോ. ബിനു ജോർജ് വർഗീസ്, പി.ആർ.ഒ. എ. അരുൺ കുമാർ എന്നിവർ പങ്കെടുത്തു. കായികതാരങ്ങളുടെ നേട്ടത്തിൽ സർവകലാശാല അഭിമാനിക്കുന്നതായും കായിക വിദ്യാർഥികൾക്ക് എല്ലാ പ്രോത്സാഹനവും നൽകുമെന്നും വൈസ് ചാൻസലർ പറഞ്ഞു.

80 പോയന്റ് നേടിയാണ് എം.ജി. മൂന്നാം സ്ഥാനം കരസ്ഥമാക്കിയത്. 47 പോയന്റ് നേടി വനിതാ വിഭാഗത്തിൽ രണ്ടാം സ്ഥാനത്തെത്തി.

## ഫോട്ടോ ക്യാപ്ഷൻ

**ദേശീയ അന്തർസർവകലാശാല അത്‌ലറ്റിക് മീറ്റിൽ മൂന്നാം സ്ഥാനവും വനിത വിഭാഗത്തിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കിയ മഹാത്മാ ഗാന്ധി സർവകലാശാല കായികടീമിനെ കോട്ടയം റെയിൽവേ സ്റ്റേഷനിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ എന്നിവർ ചേർന്ന് സ്വീകരിക്കുന്നു. ടീം മാനേജർമാരായ ഡോ. ജിമ്മി ജോസഫ്, ഡോ. ശോശാമ്മ ജോൺ, സ്കൂൾ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്പോർട്സ് സയൻസസ് മേധാവി ഡോ. ബിനു ജോർജ് വർഗീസ്, ടീം അംഗങ്ങൾ എന്നിവർ സമീപം**

**ദേശീയ അന്തർസർവകലാശാല അത്‌ലറ്റിക് മീറ്റിൽ മൂന്നാം സ്ഥാനവും വനിത വിഭാഗത്തിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കിയ മഹാത്മാ ഗാന്ധി സർവകലാശാല കായികടീമിന് കോട്ടയം റെയിൽവേ സ്റ്റേഷനിൽ നൽകിയ സ്വീകരണത്തിൽ ടീമംഗങ്ങൾക്ക് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് മധുരം നൽകുന്നു. ടീം മാനേജർമാരായ ഡോ. ജിമ്മി ജോസഫ്, ഡോ. ശോശാമ്മ ജോൺ, പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, സ്കൂൾ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്പോർട്സ് സയൻസസ് മേധാവി ഡോ. ബിനു ജോർജ് വർഗീസ്, ടീം അംഗങ്ങൾ എന്നിവർ സമീപം**

(പി.ആർ.ഒ/39/44/2020)

## ബി.ടെക് ഇന്റേണൽ റീഡു; പരീക്ഷ കേന്ദ്രത്തിന് മാറ്റം

ബി.ടെക് ഇന്റേണൽ റീഡു പരീക്ഷകൾക്ക് പത്തനംതിട്ട കാർമ്മൽ എഞ്ചിനീയറിംഗ് കോളേജിൽ രജിസ്റ്റർ ചെയ്ത വിദ്യാർഥികൾ അവിടെനിന്നും പ്രിൻസിപ്പലിന്റെ കൗണ്ടർ സൈൻ സഹിതം ഹാൾടിക്കറ്റ് വാങ്ങി കാഞ്ഞിരപ്പള്ളി അമൽ ജ്യോതി കോളേജിൽ പരീക്ഷയെഴുതണം

**<u>പ്രാക്ടിക്കൽ</u>**

2019 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്.സി. സുവോളജി (സി.എസ്.എസ്. റഗുലർ/റീഅപ്പിയറൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ ജനുവരി 13 മുതൽ 24 വരെ അതത് കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/46/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 ജനുവരി 7

# വാർത്താക്കുറിപ്പ് - 2

## ദേശീയ അന്തർ സർവകലാശാല അത്‌ലറ്റിക് മീറ്റ്; എം.ജി. കായിക ടീമിന് ഊഷ്മള വരവേൽപ്പ്

ദേശീയ അന്തർസർവകലാശാല അത്‌ലറ്റിക് മീറ്റിൽ മൂന്നാം സ്ഥാനവും വനിത വിഭാഗത്തിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കിയ മഹാത്മാ ഗാന്ധി സർവകലാശാല കായികടീമിന് കോട്ടയത്ത് ഊഷ്മള വരവേൽപ്പ്.

കോട്ടയം റെയിൽവേ സ്റ്റേഷനിൽ കായികതാരങ്ങളെയും ടീം മാനേജർമാരെയും വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ എന്നിവർ ചേർന്ന് മധുരവും പൂച്ചെണ്ടും നൽകി സ്വീകരിച്ചു. ടീം മാനേജർമാരായ പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. ശോശാമ്മ ജോൺ, ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. ജിമ്മി ജോസഫ്, ടീം വനിത ക്യാപ്റ്റനായ അസംപ്ഷൻ കോളേജിലെ അഞ്ജലി ജോസ്, പുരുഷവിഭാഗം ക്യാപ്റ്റനായ കോതമംഗലം എം.എ. കോളേജിലെ അമൽ ജോസ്, സ്കൂൾ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്പോർട്സ് സയൻസസ് മേധാവി ഡോ. ബിനു ജോർജ് വർഗീസ്, പി.ആർ.ഒ. എ. അരുൺ കുമാർ എന്നിവർ പങ്കെടുത്തു. കായികതാരങ്ങളുടെ നേട്ടത്തിൽ സർവകലാശാല അഭിമാനിക്കുന്നതായും കായിക വിദ്യാർഥികൾക്ക് എല്ലാ പ്രോത്സാഹനവും നൽകുമെന്നും വൈസ് ചാൻസലർ പറഞ്ഞു.

80 പോയന്റ് നേടിയാണ് എം.ജി. മൂന്നാം സ്ഥാനം കരസ്ഥമാക്കിയത്. 47 പോയന്റ് നേടി വനിതാ വിഭാഗത്തിൽ രണ്ടാം സ്ഥാനത്തെത്തി.

## ഫോട്ടോ ക്യാപ്ഷൻ

**ദേശീയ അന്തർസർവകലാശാല അത്‌ലറ്റിക് മീറ്റിൽ മൂന്നാം സ്ഥാനവും വനിത വിഭാഗത്തിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കിയ മഹാത്മാ ഗാന്ധി സർവകലാശാല കായികടീമിനെ കോട്ടയം റെയിൽവേ സ്റ്റേഷനിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ എന്നിവർ ചേർന്ന് സ്വീകരിക്കുന്നു. ടീം മാനേജർമാരായ ഡോ. ജിമ്മി ജോസഫ്, ഡോ. ശോശാമ്മ ജോൺ, സ്കൂൾ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്പോർട്സ് സയൻസസ് മേധാവി ഡോ. ബിനു ജോർജ് വർഗീസ്, ടീം അംഗങ്ങൾ എന്നിവർ സമീപം**

**ദേശീയ അന്തർസർവകലാശാല അത്‌ലറ്റിക് മീറ്റിൽ മൂന്നാം സ്ഥാനവും വനിത വിഭാഗത്തിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കിയ മഹാത്മാ ഗാന്ധി സർവകലാശാല കായികടീമിന് കോട്ടയം റെയിൽവേ സ്റ്റേഷനിൽ നൽകിയ സ്വീകരണത്തിൽ ടീമംഗങ്ങൾക്ക് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് മധുരം നൽകുന്നു. ടീം മാനേജർമാരായ ഡോ. ജിമ്മി ജോസഫ്, ഡോ. ശോശാമ്മ ജോൺ, പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, സ്കൂൾ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്പോർട്സ് സയൻസസ് മേധാവി ഡോ. ബിനു ജോർജ് വർഗീസ്, ടീം അംഗങ്ങൾ എന്നിവർ സമീപം**

(പി.ആർ.ഒ/39/44/2020)

## ബി.ടെക് ഇന്റേണൽ റീഡു; പരീക്ഷ കേന്ദ്രത്തിന് മാറ്റം

ബി.ടെക് ഇന്റേണൽ റീഡു പരീക്ഷകൾക്ക് പത്തനംതിട്ട കാർമ്മൽ എഞ്ചിനീയറിംഗ് കോളേജിൽ രജിസ്റ്റർ ചെയ്ത വിദ്യാർഥികൾ അവിടെനിന്നും പ്രിൻസിപ്പലിന്റെ കൗണ്ടർ സൈൻ സഹിതം ഹാൾടിക്കറ്റ് വാങ്ങി കാഞ്ഞിരപ്പള്ളി അമൽ ജ്യോതി കോളേജിൽ പരീക്ഷയെഴുതണം

**<u>പ്രാക്ടിക്കൽ</u>**

2019 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്.സി. സുവോളജി (സി.എസ്.എസ്. റഗുലർ/റീഅപ്പിയറൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ ജനുവരി 13 മുതൽ 24 വരെ അതത് കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/46/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ